# DESHABHIMANI

**Monday, October 19, 2009**



യുഎഇ അംബാസഡർ സുൽത്താൻ അബ്ദുള്ള അൽ ഉവൈസിന് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ ഉപഹാരം നൽകുന്നു. നോർക്ക റൂട്ട്സ് വൈസ്ചെയർമാൻ എം എ യൂസഫലി സമീപം

## മുഖ്യമന്ത്രി യുഎഇ അംബാസഡറുമായി കൂടിക്കാഴ്ച നടത്തി

തിരു: ഇന്ത്യയിലെ യുഎഇ അംബാസഡറായി ചുമതലയേറ്റ മുഹമ്മദ് സുൽത്താൻ അബ്ദുള്ള അൽ ഉവൈസുമായി മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ കൂടിക്കാഴ്ച നടത്തി. മസ്കറ്റ് ഹോട്ടലിലായിരുന്നു കൂടിക്കാഴ്ച. വിസയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, ജയിലിലുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുന്ന കാര്യം എന്നിവ അംബാസഡറുടെ ശ്രദ്ധയിൽപ്പെടുത്തിയതായി മുഖ്യമന്ത്രി പറഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാകുന്ന വിഴിഞ്ഞം തുറമുഖത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്ന കാര്യവും ചൂണ്ടിക്കാട്ടിയതായി മുഖ്യമന്ത്രി അറിയിച്ചു. ഭാരതവുമായി ചരിത്രപരമായ ബന്ധമാണ് ഉള്ളതെന്ന് മുഹമ്മദ് സുൽത്താൻ അബ്ദുള്ള അൽ ഉവൈസ് പറഞ്ഞു. ജയിലിലുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതും അറ്റസ്റ്റേഷൻ സൗകര്യങ്ങൾ വർധിപ്പിക്കുന്നതും അനുഭാവപൂർണമായി പരിഗണിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി. വർഷാവസാനത്തോടെ യുഎഇക്ക് സാമ്പത്തികമാന്ദ്യം മറികടക്കാനാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

Chief Minister V. S. Achuthanandan met with U.A.E.'s Ambassador in India, Mr. Mohamed Sultan Abdalla Al Owais. The meeting took place in Mascot Hotel. Main topics of discussion were certificate attestation and the request to provide details of Indians in U.A.E. jails. The Chief Minister also sought investment for Vizhinjam container transshipment terminal project. U.A.E. has historic relations with India said Mohamed Sultan Abdalla Al Owais. He assured that the issues of providing details of Indians in U.A.E. jails and certificate attestations will be considered positively. Ambassador also said that UAE is expected to recover from the economic slowdown by the year end.